A NEWSPAPER FOR KERALITES LIVING AWAY FROM HOME

കലാകൗമുദി
ഞായറാഴ്ചപ്പതിപ്പ്

Reg. No. 49829/90 Regd. No. MH/BY/SOUTH-209 Vol. No.4 Issue No. 254
ബോംബെ 1993 ഡിസംബർ 26 ഞായർ

രാജേന്ദ്രശർമ്മ: ചികിത്സയ്ക്കു മുമ്പും പിമ്പും

സുധീർ: ചികിത്സയ്ക്കു മുമ്പും പിമ്പും.

ഹേമന്ത്താക്കറെ

ആർക്കും വേണ്ടാത്തവർക്ക് ഒരിടം

വടക്കൻ ബോംബെയിലെ ബോറിവ്‌ലി തെരുവുകളിൽ വാഷിംഗ്ടൺ പോസ്റ്റിന്റെ ഒരു 'റിപ്പോർട്ടറു'ണ്ടായിരുന്നു--രണ്ടുകൊല്ലം മുമ്പുവരെ. കീറിപ്പറിഞ്ഞ ഉടുതുണിയും പാറിപ്പറന്ന ചെമ്പൻമുടിയുമായി ഒരു ജീർണ്ണരൂപം. ആരോടെന്നില്ലാതെ ചിരിയും സംസാരവുമായിട്ട് സദാ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും. തെരുവുകുട്ടികൾ ഇടയ്ക്കൊക്കെ ആളെ കല്ലെറിയും. വഴിപോക്കരാകട്ടെ അടുത്തെത്തിയാൽ അസഹ്യതയോടെ ഒഴിഞ്ഞുമാറും. ആരാണീ മനുഷ്യനെന്ന് തിരക്കാൻ ആർക്കാണു നേരം?

ഭ്രാന്തൻ എന്ന നിർവ്വചനമുണ്ടല്ലോ നമുക്ക് ഈ 'ബാധ'കൾക്കൊരു ഒഴിവുരാശിയായി. എന്നാൽ ഇതേ വാക്കുതന്നെയാണ് ഭരത്‌വത്‌വാനിയെ ഈ 'ഭ്രാന്തനി'ലേക്ക് അടുപ്പിച്ചതും. ഭരത്‌വാനി ഒരു ഡോക്ടറാണ്. വെറും ഡോക്ടറല്ല, മനഃശാസ്ത്രജ്ഞൻ. വെറും മനഃശാസ്ത്രജ്ഞനല്ല. ഭ്രാന്തിലും ഭ്രാന്തരിലും സഹാനുഭൂതിയും സവിശേഷതാല്പര്യവുമുള്ള മനുഷ്യൻ.

പലവട്ടം തെരുവുകളിൽ വച്ചുകണ്ടിട്ടുള്ള ആ മനുഷ്യനിൽ ഡോക്ടർ ഭരതിനു കൗതുകം ജനിച്ചു.

ഒരു ദിവസം സ്നേഹത്തോടെ അടുത്തുകൂടി, ചങ്ങാത്തത്തിന്. ആളെ പരിചയപ്പെട്ടു. 'വാഷിംഗ്ടൺ പോസ്റ്റിന്റെ റിപ്പോർട്ടറാണ്,' എന്നറിഞ്ഞു. അങ്ങനെയെങ്കിൽ തന്റെ നഴ്സിംഗ് ഹോമിനെപ്പറ്റി ഒരു ഫീച്ചർ എഴുതിക്കൂടെ എന്നായി ഡോക്ടർ. 'റിപ്പോർട്ടർ' ഉടനെ സമ്മതിച്ചു. പിന്നെ കാര്യങ്ങൾ വേഗത്തിലായി.

1991 ഡിസംബറിലാണീ കൂടിക്കാഴ്ച. ഉടനെതന്നെ റിപ്പോർട്ടറെയും കൂട്ടി ഡോ.ഭരത്, തന്റെ 'ശ്രദ്ധ' നഴ്സിംഗ് ഹോമിലെത്തി. റിപ്പോർട്ടർ, റിപ്പോർട്ടറായിത്തന്നെ അവിടെ താമസം തുടങ്ങി. നല്ല ഭക്ഷണവും വസ്ത്രവും ഭക്ഷണമെന്ന ലേബലിൽ മരുന്നും യഥാവിധി കിട്ടിത്തുടങ്ങിയതോടെ റിപ്പോർട്ടർ ഭൂതകാലം ഓർമ്മിച്ചു തുടങ്ങി. അതൊരു വല്ലാത്ത തിരിഞ്ഞുനോട്ടമായിരുന്നു.

ബോംബെ മുനിസിപ്പാലിറ്റിയിൽ സമർത്ഥനായ ഒരു എൻജിനീയറുണ്ടായിരുന്നു. പേര് സുധീർകുമാർ പത്തൈ. ഉദ്യോഗത്തിനുപുറമെ പൊതുകാര്യങ്ങളിലും തല്പരൻ. ആരോഗ്യവാൻ. സുമുഖൻ. ഇന്ത്യയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുള്ള വഴികളെപ്പറ്റി മൻമോഹൻസിംഗിനു കത്തുകളയയ്ക്കുകപോലും ചെയ്യുന്ന ഉൽസാഹി. സുധീർ വിവാഹം കഴിച്ചു. ഒരു കുട്ടിയുമായി. പെൺകുട്ടി. ഓമനത്തമുള്ള ആ മകളും ഭാര്യയും അച്ഛനമ്മമാരുമൊത്ത് സുഖകരമായ ജീവിതം. അങ്ങനെയിരിക്കെ അമ്മ മരിക്കുന്നു. തൊട്ടടുത്ത മാസം അച്ഛനും. ഏകമകനായി സ്നേഹസമ്പന്നതയിൽ വളർന്നുവന്ന സുധീറിന് അതു താങ്ങാനായില്ല. ദിവസം കഴിയുന്തോറും ആ യുവാവിന്റെ നടപ്പിലും സംസാരത്തിലും പെരുമാറ്റത്തിലും മാറ്റങ്ങൾ കൂടിവന്നു. ഏതോ മായികലോകത്തെന്നപോലെയുള്ള മട്ട്. ഭർത്താവിനു ഭ്രാന്തുപിടിച്ചിരിക്കുന്നു എന്ന് സുധീറിന്റെ ഭാര്യക്കു തോന്നിത്തുടങ്ങി. അവർക്കു ഭയമായി. ആളുകൾ പലതും പറയാൻ തുടങ്ങുകകൂടി ചെയ്തപ്പോൾ, മകളെയുമെടുത്ത് അവർ സ്വന്തം വീട്ടിലേക്കു പോയി. സുധീർ കൂടുതൽ ഒറ്റപ്പെടുകയായിരുന്നു.

യോഗിനഗറിലെ സ്വന്തം ഫ്ലാറ്റിൽ സമനില തെറ്റിയ മനസുമായി സുധീർ ചടഞ്ഞിരുന്നു. ഓഫീസിലേക്കുള്ള വഴിപോലും അയാൾ മറന്നുപോയി. ഒരടുത്ത സുഹൃത്തുമാത്രമായിരുന്നു സന്ദർശകൻ. ആ നിത്യസന്ദർശനവും മറ്റൊരു തന്ത്രത്തിന്റെ ഭാഗമായിരുന്നെന്നും സുധീറിനു മനസ്സിലായില്ല. വാടക തരാമെന്നു പറഞ്ഞ് ഫ്ലാറ്റിൽ നിന്ന് സുധീറിനെ അയാൾ കുടിയിറക്കി. അങ്ങനെ സ്വന്തക്കാരെല്ലാം നഷ്ടപ്പെട്ട ആ യുവാവ് തെരുവിലായി. ബി.എം.സിയിലെ എൻജിനീയറിൽ നിന്ന് വാഷിംഗ്ടൺ പോസ്റ്റിന്റെ റിപ്പോർട്ടറിലേക്കുള്ള പരിണതി അങ്ങനെ പൂർത്തിയായി.

"ഒമ്പതു മാസത്തോളം ഞാൻ തെരുവിൽ കഴിഞ്ഞു. മിക്കവാറും ദിവസങ്ങളിൽ പട്ടിണി തന്നെ. അതൊരു വല്ലാത്ത അനുഭവമായിരുന്നു. കുട്ടികൾ എന്റെ നേർക്ക് കല്ലെറിഞ്ഞു. ആളുകൾ ഭ്രാന്തനെന്ന് വിളിച്ചു. ഭീകരമായ ആ ദിനങ്ങൾ കൺമുന്നിൽ കണ്ടിട്ടെന്ന പോലെ സുധീർ പറഞ്ഞു. 'എന്റെ ചിതയ്ക്ക് തീകൊളുത്താൻ അവകാശമുള്ളത് ഇവർക്ക് മാത്രമാണ്.'' ഡോക്ടർ ദമ്പതിമാരെ ചൂണ്ടിക്കാട്ടിനിറഞ്ഞ മനസ്സോടെ അദ്ദേഹം പറഞ്ഞു. യോഗിനഗറിലെ വീടിന്റെ താക്കോൽ സുധീറിന് മടക്കികിട്ടി. പൊലീസിന്റെ സഹായത്തോടെ അവർ വാടകക്കാരനെ ഒഴിപ്പിച്ചു. പിന്നീട് ജോലി തിരിച്ചു കിട്ടാനായി ശ്രമം. നഗരസഭയിലെ എൻജിനീയറിംഗ് ഡയറക്ടറായ പി.എം. കാലെയുടെ സഹകരണം സുധീർ നന്ദിയോടെ സ്മരിച്ചു. ചുവപ്പുനാടകൾ അഴിയാൻ അല്പകാലമെടുത്തെങ്കിലും നഷ്ടപ്പെട്ട ജോലി വീണ്ടുകിട്ടി. ഈ ഡിസംബർ 7-ന് അദ്ദേഹം വീണ്ടും ജോലിയിൽ പ്രവേശിച്ചു. ഓഫീസിലെ ജോലികൾ പൂർത്തിയാക്കി ആഹ്ലാദത്തോടെ അദ്ദേഹം 'ശ്രദ്ധ'യിലേക്ക് മടങ്ങിവരുന്നു. രോഗം ഭേദമായെങ്കിലും മരുന്നുകൾ ഇപ്പോഴും തുടരുന്നുണ്ട്. തന്റെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ അദ്ദേഹത്തിന് യാതൊരു മടിയുമില്ല. 'ഭ്രാന്തിന് സമൂഹം വല്ലാത്ത ഒരു വിലക്ക് കല്പിച്ചിരിക്കുന്നു. മീരാറോഡിൽ താമസിക്കുന്ന എന്റെ സഹോദരൻ ഒരിക്കൽപോലും തിരിഞ്ഞു നോക്കിയില്ല, എന്നാൽ പത്രങ്ങളിൽ നിന്ന് കഥയറിഞ്ഞ സഹപ്രവർത്തകർ കാണാനെത്തി' അദ്ദേഹം ഓർമ്മിക്കുന്നു. ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാൻ അദ്ദേഹം പഠിച്ചു കഴിഞ്ഞു. ആദ്യത്തെ ശമ്പളം പൊടിപൊടിക്കുമെന്ന് പറഞ്ഞ് പൊട്ടിചിരിച്ചുകൊണ്ട് അദ്ദേഹം തന്റെ പഴയ ബഡ്ഡിലേക്ക് മടങ്ങി.

ഭ്രാന്ത്, എപ്പോൾ വേണമെങ്കിലും ആർക്കും വരാം. ബോംബെ ജെ.ജെ. സ്കൂൾ ഓഫ് ആർട്സിൽ ലെക്ചററായിരുന്ന ഹേമന്ത് താക്കറെയുടെ കഥ തന്നെ നോക്കുക. നല്ലൊരു ചിത്രകാരനായ അദ്ദേഹം 1986ലാണ് ജെ.ജെയിൽ അസിസ്റ്റൻഡ് ലക്ചററായി ചേർന്നത്. അല്പകാലത്തിനുള്ളിൽ 'താക്കറെ' സാർ കുട്ടികൾക്ക് പ്രിയപ്പെട്ടവനായി. ചിത്രരചനയെ കുറിച്ചുള്ള ചിന്ത വർദ്ധിച്ചതോടെ അദ്ദേഹത്തിന്റെ തലയ്ക്ക് ചൂടുപിടിച്ചു. 'എക്സ്പ്രഷൻ കി ബാരേ മേം സോച്കേ സോച്കേ' തന്റെ ചിന്തകൾക്ക് നിയന്ത്രണം വിട്ടതങ്ങനെയാണെന്ന് അദ്ദേഹം കരുതുന്നു. 'എന്താണ് സംഭവിച്ചതെന്നറിയില്ല. എനിക്ക് പഠിപ്പിക്കാൻ കഴിയാതെയായി'. ഹേമന്തിന് അത്രമാത്രമേ ഓർമ്മയുള്ളൂ. 1989-ൽ അദ്ദേഹത്തെ അധികൃതർ ഉദ്യോഗത്തിൽ നിന്ന് പിരിച്ചുവിട്ടു. വാഷിയിൽ ഒരു സുഹൃത്തിനോടൊപ്പമാണ് അദ്ദേഹം താമസിച്ചിരുന്നത്. ഒരു നാൾ സുഹൃത്തും ആ വീടിന്റെ വാതിലുകൾ കൊട്ടിയടച്ചു. ജഹാംഗീർ ആർട്ട് ഗ്യാലറിയുടെ പരിസരത്ത് തെണ്ടി നടന്ന ആ ഭ്രാന്തനെ കുട്ടികൾ മാത്രം മറന്നില്ല. ഇടയ്ക്കിടെ പൊലീസുകാർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി. ഒരാഴ്ചത്തെ ജയിൽവാസത്തിന് ശേഷം മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കുമ്പോൾ ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും പൊരുളറിയാതെ അദ്ദേഹം പകച്ചുനിന്നു.

'ശ്രദ്ധ' നഴ്സിംഗ്ഹോമിൽ ഇടയ്ക്കിടെ വരാറുണ്ടായിരുന്ന ഒരു പെൺകുട്ടിയാണ് ഹേമന്തിന്റെ കാര്യം സ്മിതയോട് പറയുന്നത്. എം.എഫ്. ഹുസൈനുമായി സാങ്കല്പികസംഭാഷണം നടത്തിക്കൊണ്ടിരുന്ന ഹേമന്തിനെ അവർ കണ്ടെത്തി. ആദ്യമൊക്കെ ഭക്ഷണവും, മരുന്നുകളുമെല്ലാം അദ്ദേഹം നിരസിച്ചു. എന്നാൽ സാവധാനം സാധാരണനിലയിലേക്ക് മടങ്ങിവന്നു. ആറുമാസത്തിനുള്ളിൽ അദ്ദേഹം പൂർണ്ണമായും സുഖം പ്രാപിച്ചു. വിദ്യാർത്ഥികളും, സഹപ്രവർത്തകരും അദ്ദേഹത്തെ സ്ഥിരമായി കാണാനെത്തി. എന്നാൽ അമരാവതിയിലുള്ള ബന്ധുക്കൾ ഒരിക്കൽ പോലും തിരിഞ്ഞു നോക്കിയില്ലെന്ന് ഡോ. സ്മിത ഓർമ്മിക്കുന്നു. പിന്നീട് ഹേമന്തിനെ ജോലിയിൽ തിരിച്ചുപ്രവേശിപ്പിക്കാനായി ശ്രമം. വിദ്യാഭ്യാസ സെക്രട്ടറിയെ നേരിൽ കണ്ട് അഭ്യർത്ഥന നടത്തി. നിവേദനങ്ങൾക്ക് ഫലമുണ്ടായി. ഒരു വർഷത്തിനുള്ളിൽ അദ്ദേഹം വീണ്ടും ജോലിയിൽ പ്രവേശിച്ചു. അടുത്തകാലത്ത് ലക്ചററായി പ്രമോഷൻ ലഭിച്ച 'താക്കറെ സാർ' കാമ്പസിലെ ഓരോ മണൽത്തരിക്കും സുപരിചിതനാണ്.

സുഖംപ്രാപിച്ച് വീട്ടിലേക്ക് മടക്കി അയയ്ക്കുന്നവരോടൊപ്പം ഹേമന്തും പോവാറുണ്ട്. 'വീടുവിട്ടിറങ്ങിയവരെ തിരിച്ചു കിട്ടുമ്പോഴുള്ള സന്തോഷം വർണ്ണനാതീതമാണ്. അവരനുഭവിച്ച വേദന എനിക്കറിയാം. 'ഹേമന്ത് പറഞ്ഞു. തനിക്ക് ജീവിതം മടക്കിതന്ന ഈ സ്ഥാപനത്തിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് താക്കറെയ്ക്ക് നിർബന്ധമുണ്ടായിരുന്നു. തെരുവ് ഭ്രാന്തൻമാരെ ചികിത്സിക്കുന്നതിൽ ആഹ്ലാദം കണ്ടെത്തിയിരുന്ന ഡോക്ടർമാർ സ്ഥലമില്ലാതെ വിഷമിക്കുന്ന വിവരം ഹേമന്തിനറിയാം. സ്വകാര്യ പ്രാക്ടീസിൽ നിന്ന് ലഭിക്കുന്ന പണം കൊണ്ടാണവർ ഇത്തരം ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നത്. പുതിയ ആശുപത്രിക്ക് ദഹിസറിൽ സ്ഥലവും കണ്ടുപിടിച്ചു. പക്ഷെ പണം പ്രശ്നമായി മാറി. അപ്പോഴാണ് 'പെയിന്റിംഗ് പ്രദർശനം' എന്ന ആശയം ഹേമന്ത് മുന്നോട്ടുവച്ചത്. ലോകത്തെമ്പാടുമുള്ള ചിത്രകാരൻമാരുമായി എഴുത്തുകുത്തുകൾ നടത്തി. കലാകാരൻമാർ ആവേശകരമായ പിന്തുണ നൽകി. ഒക്ടോബർ 18മുതൽ 24 വരെ ജഹാംഗീർ ആർട്ട് ഗാലറിയിൽ നടത്തിയ പ്രദർശനത്തിൽ നിന്ന് സ്ഥലം വാങ്ങിക്കാനാവശ്യമായ പണം ലഭിച്ചു. പ്രശസ്തരായ കലാകാരൻമാർ വിറ്റഴിഞ്ഞ ചിത്രങ്ങളുടെ പണം 'ശ്രദ്ധ'യ്ക്ക് നൽകി.

'എന്റെ പേര് റോബിൻസൺ. ഭാര്യയും, മക്കളും സ്കോട്ട് ലാൻഡ് യാർഡിൽ. ഞാൻ ബ്രിട്ടീഷ് കമ്പനിയിൽ ജോലി ചെയ്യുന്നു'. ശ്രദ്ധയിലെ മറ്റൊരന്തേവാസിയായ ബുർജോർ മുസ്താം ജി അസ്‌ലി സ്വയം പരിചയപ്പെടുത്തി. അദ്ദേഹത്തിന് 65 വയസ്സ് തോന്നിക്കും. വടിയും കുത്തിപിടിച്ചു നടക്കുന്ന വെളുത്ത് മെലിഞ്ഞ ഈ വൃദ്ധൻ ഇന്നും സാങ്കല്പിക ലോകത്താണ്. റോബിൻസനെന്ന പേരിഷ്ടപ്പെടുന്ന അദ്ദേഹം ഒരു പാഴ്സിയാണ്. ധനവാനായ ഒരു സഹോദരൻ മദ്രാസിൽ. മുസ്താംജി അവിവാഹിതനാണ്. വളരെ ചെറുപ്പത്തിലെ അദ്ദേഹം മാനസികരോഗിയായി. നഗരത്തിലെ തെരുവുവീഥികളിൽ നിന്നാണ് അദ്ദേഹത്തെയും ലഭിച്ചത്. വൃദ്ധൻ പൂർണ്ണമായി സുഖപ്പെടാനുള്ള സാധ്യത തീരെ കുറവാണെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. എന്നാൽ സ്വപ്ന ലോകത്ത് ജീവിക്കുന്ന റോബിൻസൺ ആരുടെയും അഭിപ്രായങ്ങൾ അറിയുന്നില്ല. യാഥാർത്ഥ്യങ്ങളുടെ ചവർപ്പറിയാത്ത ഈ മനുഷ്യൻ ഒരർത്ഥത്തിൽ ഭാഗ്യവാൻ തന്നെ.

വഡാല സ്റ്റേഷനിലൂടെ മാനസികരോഗിയായ ഒരു പെൺകുട്ടി നഗ്നയായി നടക്കുന്നുവെന്ന് ഞങ്ങളെ ആരോ ഫോണിലറിയിച്ചു. രണ്ടുവർഷം മുമ്പ് ദഹിസറിലെ ആനന്ദ്നഗറിൽ നിന്ന് തങ്ങൾക്ക് ലഭിച്ച ദമയന്തിയാണിതെന്ന് ഡോക്ടർമാർ തിരിച്ചറിഞ്ഞു. ഒമ്പതുമാസത്തെ ചികിത്സയ്ക്ക് ശേഷവും യാതൊരു കുറവും കാണാതായതോടെ അവളെ സാന്താക്രൂസിലെ മദർതെരേസ ഹോസ്പിറ്റലിലേക്ക് മാറ്റി. അവിടെ നിന്ന് പുറത്തുചാടിയ പെൺകുട്ടിയെ പിന്നീട് ഇതേ അവസ്ഥയിലാണ് കാണുന്നത്. റെയിൽവേ സ്റ്റേഷനിൽ വച്ച് അവളെ ആരോ മാനഭംഗപ്പെടുത്താൻ ശ്രമിച്ചതായും അറിഞ്ഞതോടെ യുവതിയെ 'ശ്രദ്ധ'യിൽ തന്നെ സൂക്ഷിക്കാൻ ഡോക്ടർമ്മാർ തീരുമാനിച്ചു. അവളുടെ തുറിച്ചനോട്ടം സന്ദർശകരെ ഭയപ്പെടുത്തും. വളരെ ചെറുപ്പത്തിലേ അസുഖം പിടികൂടിയ ഈ യുവതിയെയും പൂർണ്ണമായി സുഖപ്പെടുത്താൻ കഴിയില്ലെന്നാണ് ഡോക്ടറുടെ നിഗമനം. ഇത്തരം കേസുകൾ മദർതെരേസ ആശുപത്രിയിലേക്ക് കൈമാറുന്നു. 'ശ്രദ്ധ'യിൽ എട്ടിൽ കൂടുതൽ രോഗികളെ താമസിപ്പിക്കാൻ സൗകര്യമില്ല. ജെ.ജെ. ആശുപത്രിയിൽ നിന്ന് എം.ബി.ബി.എസ് ബിരുദം നേടിയ ഭരത് വത്‌വാനിക്ക് മനഃശാസ്ത്രം പണ്ടു മുതലേ പ്രിയമായിരുന്നു. സൈക്യാട്രിയിൽ ഉന്നതപഠനം കഴിഞ്ഞതോടെ സമൂഹത്തിന് ഗുണകരമായ എന്തെങ്കിലും ചെയ്യണമെന്നായി ആശ. അങ്ങനെയാണ് 'സ്വയം അപരിചിതരായി, കൊടും ചൂടും തോരാത്ത മഴയും, കനത്ത മഞ്ഞും നിസ്സംഗതയോടെ കൊള്ളുന്ന തെരുവുകളിലെ ഭ്രാന്തൻമാരിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്. ചെളിപിടിച്ച മുഖത്തെ വേദനയും, ജടകോർത്ത മുടിക്ക് പിന്നിലെ കഥകളും, ഭയം നിഴലിക്കുന്ന കണ്ണുകളിലെ അഭ്യർത്ഥനയും, നഗ്നതയുടെ ദൈന്യതയും തൊട്ടറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഭരതിനോടൊപ്പം കൂപ്പർ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന സ്മിത ഈ സ്വപ്നങ്ങൾ പങ്കുവയ്ക്കാനെത്തി. അഞ്ചുവർഷങ്ങൾക്ക് മുമ്പ് ബോറിവ്‌ലിയിലെ ശാന്തി ആശ്രമത്തിന് സമീപമുള്ള 'ശ്രദ്ധ നഴ്സിംഗ് ഹോമിന്' തുടക്കം കുറിച്ചത് ഈ പ്രത്യാശയാണ്. ആദ്യത്തെ രോഗിയെ ലഭിച്ച കഥ ഡോക്ടർ ഇന്നുമോർമ്മിക്കുന്നു. ചവറ്റുകൂനയ്ക്കരുകിൽ പട്ടികളോടൊപ്പം ആഹാരത്തിനായി കടിപിടികൂടിയിരുന്ന ആ ഭ്രാന്തനെ ഡോക്ടർ പലപ്പോഴും ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അയാൾ ഒരു ചിരട്ടയിൽ ചെളിവെള്ളം കോരി ആർത്തിയോടെ കുടിക്കുന്നതുകണ്ടതോടെ ഡോക്ടർക്ക് വേദന അടക്കാനായില്ല. കാപ്പി നൽകാമെന്ന് പറഞ്ഞ് അയാളെ ആശുപത്രിയിലെത്തിച്ചു. ഗ്ലൂക്കോസും, വിറ്റാമിനുകളും മരുന്നുകളും നൽകി. രണ്ടാഴ്ചയ്ക്ക് ശേഷം അയാൾ തന്നെ കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തി. വിജയ് എന്നാണ് തന്റെ പേരെന്നും ആന്ധ്രയിലെ കടപ്പസ്വദേശിയാണ് താനെന്നും അദ്ദേഹം ഓർമ്മിച്ചു. സയൻസ് ബിരുദധാരിയായ യുവാവ് ജോലി തേടിയാണ് ബോംബെയിലെത്തിയത്. ചെമ്പൂരിൽ അമ്മാവനോടൊപ്പം താമസിച്ചിരുന്ന യുവാവിന് പെട്ടെന്നൊരു ദിവസം താളം തെറ്റി. പിന്നീട് വീട്ടിലേക്ക് മടക്കയാത്രയുണ്ടായില്ല. കുടുംബത്തിന്റെ അജ്ഞതയും, തക്കസമയത്ത് വൈദ്യസഹായവും ലഭിക്കാഞ്ഞതാണ് വിജയിനെ ഈ നിലയിലെത്തിച്ചതെന്ന് ഡോക്ടർ പറയുന്നു. ജില്ലാപരിഷത്ത് സൂപ്രണ്ടായിരുന്ന വിജയിന്റെ പിതാവിന് ഡോക്ടർ കത്തെഴുതി. മകന് കുഴപ്പമുണ്ടാക്കുമെന്ന് ആദ്യം ഭയന്നെങ്കിലും പിന്നീടവർ സന്തോഷത്തോടെ സ്വീകരിച്ചു. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ തെരുവിലലയുന്ന 200 ഭ്രാന്തൻമാരെ ഡോക്ടർ ദമ്പതിമാർ ചികിത്സിച്ചു. ഇവരിൽ 70 ശതമാനവും പൂർണ്ണമായി സുഖംപ്രാപിച്ചു. സ്വകാര്യരോഗികൾക്ക് വേണ്ടി പ്രത്യേക സംവിധാനമുണ്ട്. തെരുവ് സന്തതികളോടൊപ്പം അവർ കഴിയുന്നതിൽ ബന്ധുക്കൾക്ക് വിയോജിപ്പുള്ളതാണ് ഇതിന് കാരണമെന്ന് ഡോക്ടർ വ്യക്തമാക്കി.ഒരു രോഗിയുടെ ഭക്ഷണത്തിനും, മരുന്നിനുമായി മാസം ആയിരം രൂപ ചെലവാക്കേണ്ടി വരുന്നു. ശ്രീനഗർ മുതൽ കേരളം വരെയുള്ളവർ ഡോക്ടറുടെ കാരുണ്യത്തിനർഹരായിട്ടുണ്ട്. മലയാളിയായ ഒരു പിള്ളയുടെ കഥ ഡോക്ടർ പ്രത്യേകം ഓർമ്മിക്കുന്നു. ഇന്ദിരാഗാന്ധിക്ക് നിത്യേന കത്തെഴുതുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ജോലി. പോസ്റ്റ്മാന് 'ആളെ' നന്നായറിയാമായിരുന്നതിനാൽ എല്ലാ കത്തുകളും ചവറുകുട്ടയിലായി. എങ്ങനെയോ അദ്ദേഹം 'ശ്രദ്ധ'യിൽ വന്നുപെട്ടു. അസുഖം ഭേദമായതോടെ ബന്ധുക്കൾ അദ്ദേഹത്തെ മടക്കിക്കൊണ്ടുപോയി. ബോംബെ നഗരത്തിലെ ഭൂരിഭാഗം ഭ്രാന്തൻമാരും മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവരാണ്. സമനില നഷ്ടപ്പെട്ട ചിലർ കൺമുന്നിൽ കാണുന്ന വാഹനത്തിൽ കയറി നഗരത്തിലെത്തുന്നു. ആയിരങ്ങളിലൊന്നായി ഈ തെരുവിലലിയുന്നു. ജോലി തേടിയെത്തുന്നവരാണ് മറ്റൊരു വിഭാഗം. ബന്ധുക്കളോ, പരിചയമോ ഇല്ലാതെയെത്തുന്ന അവർ സംഘർഷം സഹിക്കവയ്യാതെ മാനസിക രോഗികളായി മാറുന്നു. യു.പിയിൽ നിന്നുള്ളവരാണ് കൂടുതൽ രോഗികളെന്നും ഡോക്ടർ ചൂണ്ടിക്കാട്ടി.

അപരിചിതരുടെ സഹാനുഭൂതിക്ക് തെളിവെന്നോണം 2000 രൂപയുടെ ഒരു ചെക്ക് ഡോക്ടർ കാണിച്ചു. 'ഇങ്ങനെയൊരാളെ ഒരിക്കലും പരിചയപ്പെട്ടതായി ഓർക്കുന്നില്ല, ഒരു പക്ഷെ 'ഞങ്ങളുടെ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞ്, സഹായിച്ചതാവണം'--ഡോ.ഭരത് അഭിമാനത്തോടെ പറഞ്ഞപ്പോൾ അടുത്തിരുന്ന സ്മിത ആ അഭിപ്രായം ശരിവച്ചു.

ബോറിവ്‌ലി സ്റ്റേഷനിൽ നിന്നും കണ്ടെടുത്ത അജ്ഞാതൻ

ഒരു രോഗിയുടെ ഡയറിക്കുറിപ്പ്...

'സ്റ്റോറിലേക്ക് പോകുമ്പോഴാണ് ടയർ പഞ്ചറായി എന്നു കാണുന്നത്--അതെല്ലാം മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയായിരുന്നു--പെട്രോൾ പമ്പിലുണ്ടായിരുന്ന മനുഷ്യരുടെ കണ്ണുകൾ പ്രകാശിക്കുന്നത് ഞാൻ കണ്ടു--എന്റെയടുത്തേക്ക് അവ പാഞ്ഞടുക്കുന്നുണ്ടായിരുന്നു--എന്നെ ഇപ്പോൾ കൊല്ലും--പെട്ടെന്നാണ് അവരുടെ മുഖം ആകാശത്തിൽ നിരന്നത്.'

'വല്ലാത്ത ഗന്ധം അന്തരീക്ഷത്തിൽ പടരുന്നു--ഞാൻ ടാപ്പ് അടയ്ക്കുവാൻ മറന്നുപോയോ. ഹോ! ഞാൻ കാരണം ഒരു കെട്ടിടം മുഴുവൻ വെന്തുവെണ്ണീറാകും--ഒരു തീപ്പെട്ടിയൊന്നുരച്ചാൽ മതി--ഒരുപാടാളുകളെ കൊല്ലാം--സകലതിനെയും നശിപ്പിക്കാം--എല്ലാവരും എന്റെ ശത്രുക്കളാണ്.'

'എന്തൊക്കെയോ ശബ്ദങ്ങൾ കേട്ടതായി എനിക്ക് തോന്നി, പതിഞ്ഞസ്വരത്തിലുള്ളവ, പിന്നീട് ബീഭത്സമായിമാറി, 'മുടിഞ്ഞ ശവമേ'--ഒരാൾ വിളിച്ചു. 'ദൈവം അവളെ വെറുതെ വിടില്ല'--രണ്ടാമത്തെയാളുടെ ശബ്ദം എന്റെ കാതുകളിൽ മുഴങ്ങി--മൂന്നാമൻ എന്നോട് തന്നെ മന്ത്രിക്കുന്നത് ഞാൻ കേട്ടു--'അവളെക്കൊല്ല്, കുഴപ്പമെല്ലാം ദൈവത്തിന് വിട്ടുകൊടുക്ക്'--അയാൾ ആക്രോശിക്കുന്നുണ്ടായിരുന്നു.

ഷൈസോഫ്രീനിയ

വാക്കിനർത്ഥം സ്പ്ലിറ്റ്-മൈൻഡ് അഥവാ ചിതറിപ്പോവുന്ന മനസ് എന്നാണ്. ഗൗരവമുള്ള ചികിത്സ ആവശ്യമായ ഈ രോഗം ലോകത്ത് രണ്ടുശതമാനത്തോളം ആളുകളെ ബാധിച്ചിട്ടുള്ളതായി ഔദ്യോഗിക പഠനങ്ങൾ വ്യക്തമാക്കുന്നു.

Schizophrenia എന്ന പദത്തിന്റെ കേവലമായ സങ്കല്പം Patient is split off from reality എന്നാണ്. വികാരവും വിചാരവും തമ്മിൽ പൊരുത്തപ്പെടുകയില്ല. അത് ഭിന്നദിശകളിലേക്ക് തെന്നിമാറുന്നു. സംസാരവും പ്രകടിപ്പിക്കുന്ന വികാരം വ്യത്യസ്തങ്ങളാകുന്നു. ഇതാണ് രോഗത്തിന്റെ അടിസ്ഥാനം.

ചിന്തയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും സ്വഭാവത്തിലുണ്ടാകുന്ന താളം തെറ്റലുമാണ് രോഗഹേതു. രോഗി യാഥാർത്ഥ്യത്തിൽ നിന്നകലുന്നു. പരസ്പരബന്ധമില്ലാത്ത സംസാരവും കാരണമില്ലാത്ത ചിരിക്കും കരച്ചിലും, ഉറക്കമില്ലായ്മയും പ്രാരംഭലക്ഷണങ്ങളാണ്. ചിലപ്പോൾ ഒരേ സ്ഥിതിയിൽ ദിവസങ്ങളോളം ഇരുന്നെന്നുവരാം. വസ്ത്രങ്ങൾ കീറുക, രോഗികൾ അവരോട് തന്നെ സംസാരിക്കുക, ബന്ധുക്കളെയും സുഹൃത്തുക്കളെയും സംശയത്തോടെ വീക്ഷിക്കുക, എല്ലാവരും തനിക്കെതിരെ ഗൂഢാലോചന നടത്തുന്നതായി സംശയിക്കുക. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ആക്രമണ സ്വഭാവവും ഇവർ കാണിച്ചേക്കാം.

ഷൈസോഫ്രീനിയയുടെ മറ്റൊരു പ്രത്യേകത വലിപ്പച്ചെറുപ്പമില്ലാതെ സമൂഹത്തിലെ എല്ലാ വിഭാഗത്തേയും ഇത് കടന്നാക്രമിക്കുന്നു എന്നുള്ളതാണ്. പെട്ടെന്ന് രോഗലക്ഷണം കാട്ടുന്നവർ വേഗത്തിൽ സുഖം പ്രാപിക്കുന്നതായി ഡോക്ടർമാർ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ സാവധാനത്തിൽ രോഗത്തിനടിമപ്പെടുന്നവരെ ചികിത്സിച്ചു ഭേദമാക്കുകയെന്നത് പ്രയാസകരമാണ്. ക്ഷമയും സ്നേഹവുമുള്ള പങ്കാളികളുള്ളവർ അവിവാഹിതരേക്കാൾ വേഗത്തിൽ സുഖം പ്രാപിക്കുന്നു. പാരമ്പര്യം മറ്റൊരു ഘടകമാണ്. കുടുംബത്തിലാർക്കെങ്കിലും അസുഖം ബാധിച്ചിട്ടുണ്ടെങ്കിൽ പിൻതലമുറയ്ക്ക് ഈ രോഗം പകരാൻ സാധ്യത കൂടുതലാണ്. 15-നും 30-നും ഇടയ്ക്ക് പ്രായമുള്ളവരിലാണ് രോഗം കൂടുതലായി കണ്ടുവരുന്നത്.

തലച്ചോറിലെ ജൈവപരമായ ക്രമമില്ലായ്മയുടെ ഫലമായാണ് ഈ രോഗം ഉണ്ടാകുന്നത്. തലച്ചോർ ഉത്പാദിപ്പിക്കുന്ന 'ഡോപാമിൻ' എന്ന ന്യൂറോട്രാൻസ്മിറ്റർ വർദ്ധിച്ച അളവിലാകുന്നതോടെയാണ് മനസ്സിനെയും ശരീരത്തെയും ഒരുപോലെ രോഗം കീഴ്പ്പെടുത്തുന്നത്. പ്രത്യേകിച്ച് മാനസിക സംഘർഷമില്ലാത്തവർക്കുപോലും ഇതിന്റെ ഫലമായി ചിന്തയിൽ താളപ്പിഴകൾ സംഭവിക്കാം. അടുത്തബന്ധുവിന്റെ മരണം, സാമ്പത്തിക തകർച്ച, പരീക്ഷയിലെ തോൽവി, ഗർഭം, പ്രസവം, വിവാഹമോചനം തുടങ്ങിയവ സംഘർഷത്തിന് കാരണമാകുന്നു. കുടുംബപശ്ചാത്തലവും നിർണായകഘടകമാണ്. മാതാപിതാക്കളിലാർക്കെങ്കിലും ഈ രോഗമുണ്ടെങ്കിൽ അത് കുട്ടികളിലേക്ക് പകരുവാനുള്ള സാധ്യത നാലു മുതൽ ആറുവരെ ശതമാനത്തിനിടയ്ക്കാണ്.

ഈ രോഗം ബാധിച്ചിട്ടുള്ളവരിൽ 75 ശതമാനം ആളുകളുടെയും ബാല്യം കയ്പുനിറഞ്ഞതായിരിക്കും. മാതാപിതാക്കൾ തമ്മിലുള്ള വഴക്ക്, തുടർന്നുള്ള വിവാഹമോചനം, തങ്ങളുടെ പക്ഷത്ത് ചേർക്കുവാനായി കുട്ടിയെ 'ബലിയാടാക്കുന്നത്', മാതാപിതാക്കളിൽ നിന്നുള്ള അമിതവാത്സല്യം ഇവയൊക്കെ രോഗത്തിന്റെ ബീജങ്ങളായി കുട്ടിയുടെ മനസ്സിൽ കിടക്കുന്നു. വർഷങ്ങൾക്കുശേഷം മറ്റെന്തെങ്കിലും മാനസികവ്യഥ കൂടി ഉണ്ടായിക്കഴിയുമ്പോഴേക്ക് 'സ്ഫോടനാത്മകമായ' വിഭ്രാന്തി അയാളുടെ മനസ്സിൽ പടരും. ഫലം ഷൈസോഫ്രീനിയ എന്ന മാരകരോഗം അയാളെ കീഴ്പ്പെടുത്തുന്നു.

രണ്ടു ഘട്ടങ്ങളിലായാണ് രോഗത്തിന്റെ ചികിത്സ ആദ്യഘട്ടത്തിൽ രോഗിയെ യാഥാർത്ഥ്യത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ഡോക്ടർമാർ ശ്രമിക്കും.

ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗിക്ക്, തലച്ചോറിലെ 'ഡോപാമി'ന്റെ തോത് കുറയ്ക്കുവാനായി ആന്റി സൈക്കോട്ടിക്സ് ഇഞ്ചക്ഷനുകൾ നൽകുന്നു. ചില കേസുകളിൽ ഇലക്ട്രിക് ഷോക്കും നൽകേണ്ടിവരും.

രണ്ടാമത്തെ ഘട്ടം പരിചരണമാണ്. ആകാംക്ഷ, നിരാശ, അനിശ്ചിതാവസ്ഥ എന്നിവയിൽ നിന്ന് രോഗിയെ കരകയറ്റാനാണ് പിന്നത്തെ ശ്രമം. സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും സാമീപ്യം ഈ ഘട്ടത്തിൽ നിർണായകമാണ്. മാനസികസംഘർഷം ലഘൂകരിക്കുവാനായി രോഗിയുടെ വാസസ്ഥലവും ചുറ്റുപാടുകളും മാറ്റേണ്ടതായും വരും.

ഷൈസോഫ്രീനിയാരോഗികളിൽ ആത്മഹത്യ ചെയ്യുവാനുള്ള പ്രവണത മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലാണ്. നിസാര കാര്യങ്ങൾക്കുപോലും ഇവർ ജീവനൊടുക്കുവാൻ ഒരുമ്പെടുന്നു. ഇത്തരം രോഗികളിൽ 40 ശതമാനം പേരും ആത്മഹത്യയ്ക്കൊരുമ്പെടുമെന്നാണ് പഠനത്തിൽ നിന്ന് തെളിഞ്ഞിട്ടുള്ളത്. ആത്മഹത്യക്ക് ശ്രമിച്ച് പരാജയമടയുന്നവരിൽ രോഗബീജം ഒളിഞ്ഞുകിടപ്പുണ്ടെന്നാണ് ഡോക്ടർമാർ കണ്ടെത്തിയിട്ടുള്ളത്.

കൂപ്പർ ഹോസ്പിറ്റൽ, സയൺ ഹോസ്പിറ്റൽ, കെ.ഇ.എം., ജെ.ജെ., നായർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ഷൈസോഫ്രീനിയ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്.

'ശ്രദ്ധ'

ഡോക്ടർ ഭരതും ഭാര്യയും. ഒരു രോഗിക്കൊപ്പം.

വടക്കൻ ബോംബെയിലെ ബോറിവ്‌ലി വെസ്റ്റിൽ ശാന്തി ആശ്രമത്തിനു പിന്നിൽ, എസ്കാർ റോഡിനരികിലാണ് 'ശ്രദ്ധ' റീഹാബിലിറ്റേഷൻ ഫൗണ്ടേഷൻ. തെരുവിലെറിയപ്പെടുന്ന ചിത്തഭ്രമക്കാർക്കുവേണ്ടിയുള്ള ഈ നഴ്സിംഗ്ഹോം നടത്തുന്നത് ഡോക്ടർ ദമ്പതികളായ ഭരത്‌വത്‌വാനിയും സ്മിതാവത്‌വാനിയുമാണ്. ഡോ. ഘനശ്യാം ഭിമാനിയും ഒപ്പമുണ്ട്. ഇതിനകം ശ്രദ്ധ നേടിക്കഴിഞ്ഞ ഈ ആതുരസേവനാലയത്തിനെ മഹാരാഷ്ട്ര, ചാരിറ്റി കമ്മിഷണർ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ശ്രദ്ധയുടെ നടത്തിപ്പിനുവേണ്ടി ചെയ്യുന്ന സംഭാവനകളെ ആദായനികുതിയിൽ നിന്നൊഴിവാക്കിയിരിക്കുന്നു.

എന്തിനുവേണ്ടിയാണ് ഇങ്ങനെയൊരു സ്ഥാപനം നടത്തുന്നതെന്ന ചോദ്യത്തിന് ഡോക്ടർ ദമ്പതികൾക്ക് ശ്രദ്ധേയമായ മറുപടിയാണുള്ളത്.

'തെരുവുകളിൽ ആയിരക്കണക്കിന് നിരാലംബരായ ഭ്രാന്തന്മാരുണ്ട്. കുട്ടികൾ തൊട്ട് വൃദ്ധർ വരെയായി. ഇവരിൽ തീരെ ചെറിയൊരംശത്തെ മാത്രമേ ഞങ്ങളുടെ പ്രവർത്തനഫലമായി രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് യഥാർത്ഥ പ്രശ്നത്തിനു വല്ല വ്യത്യാസവുമുണ്ടാകുമോ എന്നാണ് എല്ലാവരുടെയും സംശയം. ഭക്ഷണം, വസ്ത്രം, മരുന്ന്, താമസം, ചികിത്സയ്ക്കുശേഷം. ബന്ധുക്കളെ കണ്ടെത്തി അവിടേക്ക് അന്തേവാസികളെ എത്തിക്കൽ തുടങ്ങി ചെലവേറിയ പരിപാടികളാണിതിൽ ഉള്ളത്.

എന്നിട്ടും ഇതൊക്കെ എന്തിനാണെന്ന ചോദ്യത്തിന് ഞങ്ങൾക്കിപ്പോഴും പൂർണ്ണമായ ഉത്തരമില്ല. മനുഷ്യൻ തന്നെ അപൂർണ്ണനാണല്ലോ. അപൂർണ്ണൻ മാത്രമല്ല, അനിശ്ചിതത്വങ്ങളും, വീഴ്ചകളും, ഉറപ്പില്ലായ്മയും മാത്രമുള്ള ജീവി. മാനസികമായി നിലതെറ്റിയവരുടെ ഗതി ഇതിലുമൊക്കെ ദാരുണമാണ്. ഇതൊക്കെ കണ്ടുനിൽക്കുന്നതിലുപരി, നമ്മെക്കൊണ്ടാവുന്ന വിധത്തിൽ എന്തെങ്കിലും ചെയ്യുക. അത് വെറുമൊരു തുള്ളി മാത്രമാവാം. പക്ഷെ ഇത്തരം തുള്ളികൾ ചേർന്നാണല്ലോ സമുദ്രമുണ്ടാവുന്നതും.

ഞങ്ങളുടെ പ്രവർത്തനംവഴി പത്തോ ഇരുപതോ പേർക്ക് മാത്രമേ ജീവിതം തിരിച്ചുകിട്ടിയിട്ടുള്ളൂ.

അതു ചിലപ്പോൾ അമ്പതോ, നൂറോ ആവുമ്പോഴേക്കും ഞങ്ങൾ മണ്ണടിഞ്ഞെന്നിരിക്കും. പക്ഷെ ഈ ചെറുപ്രവർത്തനം അവസാനശ്വാസം വരെ തുടരണം എന്നു മാത്രം ഞങ്ങൾക്കറിയാം. അതെന്തുകൊണ്ടെന്നത് അറിയുകയുമില്ല.'

ശ്രദ്ധയുടെ വിലാസം:

ശ്രദ്ധ റീഹാബിലിറ്റേഷൻ ഫൗണ്ടേഷൻ, ശാന്തി ആശ്രമത്തിനു പിറകുവശം, ബോറിവ്‌ലി വെസ്റ്റ്, ബോംബെ-103.
ഫോൺ: 855020/854333.